**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6442** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംവിധാനത്തിലൂടെ 2021 ഒക്ടോബർ 14-നും 17 -നും ഇടയിൽ ഉണ്ടായ പ്രകൃതിക്ഷോഭം സംബന്ധിച്ച് ഡിസ്ട്രിക് എമർജൻസി ഓപ്പറേഷൻ സെന്ററുകളിലേക്ക് എന്തൊക്കെ മുന്നറിയിപ്പുകളും ദുരന്തപ്രതിരോധത്തിനുള്ള നിർദ്ദേശങ്ങളുമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഒക്ടോബർ 14 മുതൽ 17 വരെ കേന്ദ്ര കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ച മഴ, മത്സ്യത്തൊഴിലാളി, ഇടിമിന്നൽ, ശക്തമായ കാറ്റ് എന്നിവയുടെ എല്ലാ മുന്നറിയിപ്പുകളും ടെലിഫോൺ, വാട്സാപ്പ്, ഇമെയിൽ, സമൂഹമാധ്യമങ്ങൾ, എന്നിവയിലൂടെ എല്ലാ ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളിലും അറിയിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് മണിക്കൂർ ഇടവിട്ടുള്ള IMD NOWCAST യഥാസമയം ജില്ലകളിൽ അറിയിച്ചിട്ടുണ്ട്. മഴയുടെ അവലോകനവും, കെ.എസ്.ഇ.ബി, ജലസേചന വകുപ്പ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ഡാമുകളിലെ തത്സമയ ജലനിരപ്പും അവ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ അറിയിച്ചിട്ടുണ്ട്. IMD GFS , IBM TWC, NCMWRF, GFS GLOBAL, ECMWF എന്നിവയുടെ മോഡലുകൾ വിശകലനം നടത്തി മഴ, ഇടിമിന്നൽ എന്നിവയ്ക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളെ അറിയിക്കുകയും ജാഗ്രത പാലിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അര മണിക്കൂർ ഇടവിട്ടുള്ള IMD-DW RADAR KOCHI, INSAT, EUMETSAT എന്നിവയുടെ ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്ത് മഴ, ഇടിമിന്നൽ, കാറ്റ് എന്നിവയുടെ തൽസ്ഥിതിയും ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകളെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ